LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

341 (345) ശ്രീ. കെ. അജിത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമന രീതി വ്യക്തമാക്കുമോ ; ഇതിൽ നേരിട്ടും, തസ്തികമാറ്റം വഴിയും, ഉദ്യോഗക്കയറ്റം വഴിയും എത്ര ശതമാനം വീതമാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായി നേരിട്ടുള്ള നിയമനമല്ലാത്തവർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനവുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർ എതിർപ്പോ, ആശങ്കയോ സർക്കാരിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7-4-2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ (പി) നമ്പർ 16/2008/ടാൻ. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ നിയമന രീതി താഴെപ്പറയും പ്രകാരമാണ്. നേരിട്ടുള്ള നിയമനവും മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനവും. എന്നാൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരില്ലാത്തപക്ഷം നിശ്ചിത യോഗ്യതയുള്ള ക്ലാസ് ഫോർ ജീവനക്കാരെയും പരിഗണിക്കുന്നതിനായി 3-6-2015-ലെ ജി.ഒ.(പി) നമ്പർ 35/2015/ടാൻ. പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:4 എന്ന അനുപാതത്തിൽ നടത്താവുന്നതാണ്. ഉദ്യോഗക്കയറ്റം വഴി ടി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നില്ല.

(ബി) ഉണ്ട്. കോടതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 7-4-2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ.(പി) നമ്പർ 16/2008/ട്രാൻ. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനു താഴെപ്പറയുന്ന യോഗ്യതകൾ നിഷ്കർഷിക്കുന്നു.

1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
2. 1. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന മൂന്ന് വർഷ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് അഥവാ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ;

   അല്ലെങ്കിൽ

   2. 2(1) ഖണ്ഡികയിൽ പറയും പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത യോഗ്യത.
3. മുകളിൽ പറയും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ഒരു സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള ഒരു വർഷത്തെ ഫുൾടൈം വർക്ക്ഷോപ്പ് പ്രവൃത്തി പരിചയം.
4. മോട്ടോർ സൈക്കിൾ, ഹെവി ഗ്രൂഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്.
5. ശാരീരിക യോഗ്യത - പുരുഷന്മാർക്ക് 165 സെ.മി. സ്ത്രീകൾക്ക് 152 സെ.മീ. ഉയരം 5 സെ.മി വികാസത്തോടുകൂടിയ 81 സെ.മി. (നെഞ്ചളവ് സ്ത്രീകൾക്ക് ബാധകമല്ല), നേർക്കാഴ്ച യോഗ്യത.
6. അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉം മോട്ടോർ വാഹന നിയമവും ജയിച്ചിരിക്കണം.
7. മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ 3 വർഷത്തെ പ്രവർത്തിപരിചയം.

(ഡി) ഉണ്ട്. കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, കേരള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ എന്നീ സംഘടനകൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിശ്ചിത യോഗ്യതയുള്ള ക്ലാസ് ഫോർ ജീവനക്കാരെ കൂടി പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ എതിർപ്പ് അറിയിച്ചിരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[46, 65, 80, 84 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly